# കേരളപാഠാവലി

## ക്ലാസ് 10

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

# യൂണിറ്റ് - 3
## അശാന്തിപർവങ്ങൾക്കപ്പുറം

1. "കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളെയെനിക്കെന്തിതു തോന്നുവാൻ"

   - ഗാന്ധാരി ഇങ്ങനെ സ്വയം പഴിക്കുന്നതിന്റെ കാരണങ്ങൾ കുറിക്കുക. *(സ്കോർ 2)*

2. "പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെങ്ങു നീ
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ?"

   'ഗാന്ധാരിയുടെ ഹൃദയം പിളർക്കുന്ന വേദന' ആവിഷ്ക്കരിക്കുവാൻ കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ കണ്ടെത്തി എഴുതുക. *(സ്കോർ 2)*

3. "എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതു കാൺക നീ
അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതുനിൻമാനസേ?". - **ശ്രീമഹാഭാരതം കിളിപ്പാട്ട്- എഴുത്തച്ഛൻ**

   "ഇവിടെ ഞങ്ങൾ (പാണ്ഡവർ) ക്ഷത്രിയർക്കു പ്രാപിക്കാവുന്ന പരമോന്നത പദവിയിൽ എത്തിയിരിക്കുന്നു; അതിലെത്തുവാൻ വേണ്ടി തങ്ങൾ ചെയ്ത 'വീരകർമ'ങ്ങളുടെ ഫലമാണ് ഇന്ന് ഈ സഹോദരി കേവലം അനാഥയായി വെറും പിച്ചക്കാരിയെപ്പോലെ തന്റെ മുന്നിൽവന്നുകേഴുന്നത്"
   
   **- ഭാരതപര്യടനം -കുട്ടിക്കൃഷ്ണമാരാർ**

   - മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് യുദ്ധം ബാക്കി വയ്ക്കുന്ന ദുരന്തങ്ങളിൽ ഏറിയപങ്കും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളും കുട്ടികളുമാണ് എന്ന പ്രസ്താവനയോടുള്ള പ്രതികരണം യുക്തിപൂർവം സമർഥിക്കുക. *(സ്കോർ 6)*

4. "അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. എന്തിനാ ഈ അവധി തരുന്നതെന്നറിയാമോ? വീടുകാണാനാണ്; എല്ലാം കണ്ടിട്ടു പോരണം. ഇനിയും യോഗമുണ്ടെങ്കിലേ അമ്മയേയും മക്കളേയും ഒക്കെ കാണാനൊക്കൂ. നമ്മെ യുദ്ധത്തിനയയ്ക്കാൻ പോവുകയാണ്".

   - പട്ടാളക്കാരുടെ ജീവിതത്തിലെ അരക്ഷിതാവസ്ഥ ഈ സംഭാഷണം വെളിപ്പെടുത്തുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക. *(സ്കോർ 4)*

5. "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ".

   ഈ വരികളിൽ തെളിയുന്ന ഗാന്ധാരിയുടെ മാനസികാവസ്ഥ കണ്ടെത്തി എഴുതുക. *(സ്കോർ 2)*

6. “ആ കൈക്കുഞ്ഞിന്റെ നേർക്ക് ആയിടെ ജനിച്ച അഭിമന്യുപുത്രന്റെ നേർക്കെന്ന പോലെ മനസ്സു തെളിയേണമേ എന്ന് അവൾ കേണപേക്ഷിച്ചു.”

– ‘അഭിമന്യു പുത്രന്റെ നേർക്കെന്നപോലെ’ എന്ന പരാമർശം അർജുനനിൽ ഉണർത്തിയ വിചാരവികാരങ്ങൾ എന്തൊക്കെയാവാം? കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

7. “വെട്ടുക, മുറിക്കുക, പങ്കുവെക്കുക
ഗ്രാമം, പത്തനം, ജനപദമൊക്കെയും
കൊന്നും തിന്നും വാഴുക
പുലികളായ് സിംഹങ്ങളായ്
മർത്ത്യനാവുക മാത്രം വയ്യ
ജന്തുത ജയിക്കുന്നു.
............................................................
ശാന്തിതൻ സൗഗന്ധികം
തിരഞ്ഞു പോക നാം ഈ അശാന്തി പർവങ്ങളിൽ”

സ്കൂളിൽ തയാറാക്കുന്ന യുദ്ധവിരുദ്ധ പതിപ്പിൽ ഒ.എൻ.വി.യുടെ ഈ വരികളുടെ ആശയം പരിഗണിച്ചുകൊണ്ട് ഒരു എഡിറ്റോറിയൽ തയാറാക്കുക. *(സ്കോർ 6)*

8. “ചിന്നക്കടയിൽ ഒരു ഹോട്ടലിന്റെ വാതിൽപ്പടിയിൽ ‘രാമൻ’ എന്ന വാക്ക് പിച്ചാത്തിമുനകൊണ്ട് എഴുതപ്പെട്ടിരുന്നു. ആ പട്ടാളക്കാരൻ, ഹോട്ടലുടമസ്ഥൻ പോറ്റിയോടു പറഞ്ഞു:”

“അതു ഞാൻ വരച്ചതാണ്.”

‘ഒരു ഉരുളി, രണ്ടു ചെമ്പുകലം, മൂന്നാലു കട്ടിലുകൾ – ഇത്രയും അവൾ വാങ്ങി. അതിൽ അവളുടെ പേരു വെട്ടിച്ചു.’

– സ്വന്തം പേരു കൊത്താൻ രണ്ടു കഥാപാത്രങ്ങളും നടത്തുന്ന ശ്രമത്തിൽ തെളിയുന്ന മാനസികഭാവങ്ങൾ വ്യക്തമാക്കുക. *(സ്കോർ 4)*

9. ഒരു ദിവസം സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മൂന്നു വലിയ ഇരുമ്പുപെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉയർന്നതരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തിലിട്ട വിവാഹമാല്യം ഉണ്ടായിരുന്നു. അത് ഉണങ്ങിക്കരിഞ്ഞുപോയി. നാണി അകാരണമായി നടുങ്ങി.

– തീവ്രമായ യുദ്ധാനുഭവത്തെ ആവിഷ്ക്കരിക്കാൻ തകഴി ഉപയോഗപ്പെടുത്തിയ രീതി പരിശോധിക്കുക. *(സ്കോർ 4)*

10. ‘ഇന്ത്യയിലെ എല്ലാ പ്രധാന നഗരങ്ങളും കണ്ടു. ജീവിക്കുവാനും കുറെയൊക്കെ പഠിച്ചു. കൈയിൽ പണമുണ്ട്; സർക്കാരിൽ നിന്ന് കിട്ടുവാനുമുണ്ട്.’

‘ആ രാത്രിയിൽ ആ കൊച്ചുവീടിന്റെ മുറ്റത്ത് അസ്വസ്ഥനായി അയാൾ നടന്നുകൊണ്ടിരുന്നു. ഈ ഓണംകേറാമൂലയുമായാണ് അയാളുടെ ജീവിതത്തിലെ നിർവചിക്കാൻ വയ്യാത്ത ഒരു ബന്ധമുണ്ടാകുന്നത്. ഇപ്പോൾ സമാധാനമായാണ് ഹൃദയം തുടിക്കുന്നതെന്ന് അയാൾക്കു തോന്നി. അയാൾക്ക് ഒരമ്മയെക്കിട്ടി’.

- പട്ടാളക്കാരൻ എന്ന കഥയിലെ രാമൻനായരുടെ ജീവിതത്തിൽ ആ 'ഓണംകേറാമൂല' നൽകിയ സ്വസ്ഥതയ്ക്കു കാരണങ്ങൾ കണ്ടെത്തി വിശദീകരിക്കുക. *(സ്കോർ 4)*

11. "ഒരു സ്ത്രീ അമ്മയാകുമ്പോൾ ലോകത്തിന്റെ മുഴുവൻ അമ്മയാവുകയാണ്".

- ഗാന്ധാരിവിലാപത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരിക്കുക. *(സ്കോർ 4)*

12. "യുദ്ധത്തെക്കുറിച്ചെഴുതിയ മഹാകാവ്യങ്ങളെല്ലാം യുദ്ധവിരുദ്ധ കൃതികൾ കൂടിയാണ്".

- ഗാന്ധാരിവിലാപം, അർജുനവിഷാദയോഗം എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ലഘൂപന്യാസം തയാറാക്കുക. *(സ്കോർ 6)*

13. "അല്ലേ! ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം
നീലമല പോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരി പൂക്കാൻ." **- ഗാന്ധാരിവിലാപം**

- ഘടോൽക്കചനെ വർണിക്കുമ്പോൾ കവി ഉപയോഗിക്കുന്ന സാദൃശ്യ കല്പന ഈ കാവ്യഭാഗത്തിന് എത്രമാത്രം ഭംഗി വർധിപ്പിക്കുന്നുണ്ട്. കണ്ടെത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

14. "ചരിത്രത്തിൽ നിന്നും നാം പഠിക്കുന്ന ഒരു പാഠം ചരിത്രത്തിൽ നിന്നു നാമൊന്നും പഠിക്കുന്നില്ല എന്നതാണ്" - എം.എൻ. വിജയൻ

- ചരിത്രത്തിൽ ഇന്നോളമുണ്ടായ യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

## യൂണിറ്റ് - 4
## കായിൻപേരിൽ പൂ മതിക്കുവോർ

15. "പുത്രിക്ക് വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാകുന്ന കൃതാർത്ഥത ആകുടുംബത്തിനുണ്ടായി."

"ആ കിണർ ജനയിതാവിന്റെ മേൽ വെള്ളം തൂകി"

- ഈ കഥാസന്ദർഭങ്ങൾ പരിഗണിച്ച് ഉതുപ്പാനും കിണറും തമ്മിലുള്ള ബന്ധത്തിന്റെ സവിശേഷത കുറിക്കുക. *(സ്കോർ 4)*

16. 'ഉതുപ്പാന്റെ കിണർ എന്ന കഥയിൽ ഉതുപ്പാന്റെ ദുരന്തമാണ് ആവിഷ്കരിക്കുന്നത്. എങ്കിലും നന്മയുടെയും മനുഷ്യത്വത്തിന്റെയും പ്രകാശം ഇവിടെ വ്യാപിച്ചുകിടക്കുന്നു.' **- അക്ബർ കക്കട്ടിൽ**

- ഈ നിരീക്ഷണത്തിന് യോജിച്ച ഏതെങ്കിലും രണ്ട് കഥാസന്ദർഭങ്ങൾ എടുത്തെഴുതുക. *(സ്കോർ 2)*

17. സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ ഓർമപ്പെടുത്തലാണ് 'വിണ്ടകാലടികൾ' എന്ന കവിത.

– ഇതുമായി ബന്ധപ്പെട്ട ഏതെല്ലാം സൂചനകളാണ് കവിതയിൽ നിന്ന് വായിച്ചെടുക്കാവുന്നത്? *(സ്കോർ 2)*

18. കിണർ അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു.

'നെല്ലിപ്പലക കാണുക' എന്ന ശൈലി വാക്യത്തിനു നൽകിയ അർത്ഥഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

19. 'ചന്ദ്രൻ ചോദ്യരൂപത്തിൽ ഇന്ദ്രദിക്കിൽ നിന്നെത്തിനോക്കി'

**– ഉതുപ്പാന്റെ കിണർ**

– ഈ വാക്യത്തിന് കഥാസന്ദർഭത്തിലെ ഏറ്റവും യോജിച്ച അർത്ഥമേത്?

i. ചന്ദ്രന് ചോദ്യരൂപത്തിന്റെ ആകൃതിയായിരുന്നു.
ii. ചന്ദ്രന് അയാളുടെ പ്രവൃത്തിയിൽ ആകാംക്ഷയുണ്ടായിരുന്നു.
iii. അയാളുടെ പ്രവൃത്തിയിൽ ചന്ദ്രൻ സാക്ഷിയായി.
iv. ചന്ദ്രൻ അയാളെ ചോദ്യം ചെയ്തു. *(സ്കോർ 2)*

20. ഉതുപ്പാന്റെ കിണർ നികത്തണം.
ഉതുപ്പാന്റെ കിണറും നികത്തണം.

– രണ്ടാമത്തെ വാക്യത്തിൽ ഉം ചേർത്തപ്പോഴുള്ള അർത്ഥവ്യത്യാസം കുറിക്കുക. *(സ്കോർ 2)*

21. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ഉതുപ്പാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- അവൻ കഴിയുംമട്ടിൽ പണിയെടുക്കും.
- അവന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്.
- അവൻ ഹൃദയശുദ്ധിയുള്ളവനാണ്
- അവൻ പരോപകാരിയാണ് *(സ്കോർ 6)*

22. ഗുരുവായൂർ ക്ഷേത്രപ്രവേശനപ്രസ്ഥാനത്തിന്റെ തീച്ചൂള ശ്രീ. കെ. കേളപ്പന്റെ മസ്തിഷ്കത്തിൽ നീറിപ്പുകയുന്ന കാലമായിരുന്നു അത്. **– വി.ടി. ഭട്ടതിരിപ്പാട്**

– വി.ടി. നിരീക്ഷിച്ചപോലെ സ്വാതന്ത്ര്യത്തിനും സമത്വത്തിനുമായി നിരവധി പോരാട്ടങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ടല്ലോ. ഇതിന്റെയടിസ്ഥാനത്തിൽ താഴെ കൊടിത്തിരിക്കുന്ന വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

ആയിരം സ്വപ്നങ്ങളെപ്പിരിച്ച ചുമ്മാടിങ്കൽ
ആദർശഭാരം പേറി ഗ്രാമവീഥികൾ തോറും
ച്ചരിക്കെ ചുമ്മാടിന്റെ ഭാരം ഞാൻ സ്മരിച്ചില്ല,
വരിച്ച മാർഗത്തിന്റെ ദൂരം ഞാനറിഞ്ഞീല. **– വിണ്ടകാലടികൾ**

*(സ്കോർ 6)*

23. 'ഉതുപ്പാന്റെ കിണറും നികത്തണം. നഗരസഭ തീരുമാനിച്ചു.'

- നഗരസഭയുടെ ഈ നിർദേശത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇതുമായി ബന്ധപ്പെട്ടു നടക്കുന്ന സംവാദത്തിൽ നിങ്ങൾ ഉന്നയിക്കുന്ന വാദങ്ങൾ യുക്തിപൂർവം സമർത്ഥിക്കുക. *(സ്കോർ 4)*

24. 'അവ പോയെങ്കിലീഞാൻ മറ്റൊരാളായിത്തീരും
അവനീബന്ധം വിട്ടൊരക്കിലസ്സിനെപ്പോലെ.' - **വിണ്ടകാലടികൾ**

- അക്കിലസ് എന്ന ഗ്രീക്ക് കഥാപാത്രം കവിതാസന്ദർഭത്തിനുനൽകുന്ന ആശയഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

25. "കാലടി മുഴുവനും വിള്ളലാണല്ലോ; താങ്കൾ
മേലിൽ നഗ്നപാദനായി നടന്നേക്കരുതെങ്ങും "

"അന്നെന്നെ നയിച്ചൊരീ നഗ്നപാദങ്ങൾ നേടി-
ത്തന്നൊരാ ബലമെന്റെ ശക്തിതൻ മൂലാധാരം"

- കവിതയിലെ വ്യത്യസ്ത വീക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. ഇവ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 2)*

26. കിണർ <u>താണു</u>വന്ന ക്രമത്തിന് ഉതുപ്പാന്റെ ഉത്സാഹം <u>ഉയർന്നു</u>.

- അടിവരയിട്ട പദങ്ങൾ വരുത്തിയ അർത്ഥഭംഗി കണ്ടെത്തി കുറിപ്പുതയാറാക്കുക. *(സ്കോർ 2)*

27. 'പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി.'
'ജീപ്പിൽ നിന്നിറങ്ങുന്നു നഗരം വീണ്ടും.' - **അടുത്തൂൺ**

- കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു? *(സ്കോർ 4)*

28. എന്തുഭാഗ്യം!
എനിക്ക് എന്തുഭാഗ്യമാണ് ഇപ്പോൾ?

- വാക്യാവസാനത്തിലെ ചിഹ്നങ്ങൾ ശ്രദ്ധിച്ചല്ലോ, ഈ ചിഹ്നങ്ങൾ ധ്വനിപ്പിക്കുന്ന ഭാവതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

29. പ്രകാശപൂർണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

- ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*

30. 'മനുഷ്യബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനിൽപിനാധാരം. ധനമോഹം സ്വാർത്ഥതാൽപര്യം എന്നിവ ഈ ബന്ധങ്ങളെ ശിഥിലമാക്കുന്നു.'

- സമകാലികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് മനുഷ്യബന്ധങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഉപന്യാസം തയാറാക്കുക. *(സ്കോർ 6)*

31. “ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ?”

– ഈ വരികളുടെ താളത്തിൽ താഴെ കൊടുത്തിരിക്കുന്ന ഈരടികളെ അർത്ഥവ്യത്യാസം വരാത്ത വിധം മാറ്റിയെഴുതുക.

‘മൂന്നു മാസമായല്ലോ ഗ്രാമജീവിതത്തിന്റെ
മൂകവേദനയിൽ നീ മുങ്ങിക്കിടക്കുന്നു!’ *(സ്കോർ 2)*

32. ‘വായനക്കാരന്റെ മനസ്സിൽ വികാരം ജനിപ്പിക്കാൻ സാഹിത്യകൃതികൾക്കു സാധിക്കണം.’ **– കേസരി ബാലകൃഷ്ണപിള്ള**

– കേസരിയുടെ അഭിപ്രായം താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

“ആതിഥേയനാം കൃഷിക്കാരന്റെ ചൂടുള്ളതാ-
മാദരസൗഹൃദങ്ങളോട്ടുകിണ്ണത്തിന്നുള്ളിൽ

കഞ്ഞിയായ് നിറഞ്ഞപ്പോൾ പശിയാർന്നതു മോന്തി,
പിഞ്ഞിയ മെത്തപ്പായിൽ ശയിച്ചിട്ടുണർന്നേറ്റു

പാടത്തിൻവക്കിലുള്ള കിണറ്റിൻ തെളിവെള്ളം
‘ത്ലായ’ യിൽ തേവിത്തേവിക്കുളിച്ചു സന്തുഷ്ടനായ്

വണ്ടിക്കു കാശില്ലാതെ, മകരക്കൊയ്ത്തു തീർന്ന
കണ്ടത്തിൽക്കൂടി, പാർശ്വനഗരം പ്രാപിക്കുവാൻ

മദിച്ച മലനാടൻ വേനലിൻ മാറിൽക്കേറി-
ക്കുതിച്ചു നടന്നൊരു പാദങ്ങളെൻ പാദങ്ങൾ!” **– വിണ്ടകാലടികൾ**

*(സ്കോർ 6)*

33. മണ്ണുമായുള്ള ബന്ധമാണ് തന്റെ ശക്തിയെന്ന് കവി ‘വിണ്ടകാലടികൾ’ എന്ന കവിതയിലൂടെ വെളിപ്പെടുത്തുന്നു. എന്നാൽ ഇന്ന് മണ്ണിൽ നിന്ന് മനുഷ്യൻ അകലുന്നുണ്ടോ? ഇന്നത്തെ സാമൂഹികാവസ്ഥയിൽ ‘വിണ്ടകാലടികൾ’ എന്ന കവിതയിലെ പ്രമേയത്തെ വിലയിരുത്തി കുറിപ്പു തയാറാക്കൂ. *(സ്കോർ 6)*

34. ചരിത്രം മറക്കുന്ന ഇന്നത്തെ തലമുറയെക്കുറിച്ചുള്ള വിമർശനം കൂടിയാണ് ‘വിണ്ടകാലടികൾ’. കവിതാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക. *(സ്കോർ 6)*

35.
- ഇവനെന്തു പ്രാന്താണെന്ന് ചിലർ പറഞ്ഞു.
- വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്.
- തെമ്മാടി! വഴിയുടെ വക്കിലൊരു കിണർ കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണെ പിള്ളാരെ!

ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളാണിത്.

എന്നും നന്മ ചെയ്യുന്നവർക്ക് കിട്ടുന്ന പാരിതോഷികങ്ങളാണ് ഇത്തരം പ്രതികരണങ്ങൾ.

- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക. *(സ്കോർ 4)*

## യൂണിറ്റ് - 5
## ദേശപ്പെരുമ

36. പുലരുവാനേഴര രാവുള്ളപ്പോൾ
ഞെട്ടിയുണരുന്നു ഉണ്ണിയാർച്ച
കാർകൂന്തൽ നന്നായ്ക്കുടഞ്ഞു കെട്ടി
ആടകൾ നന്നായ്ക്കുടഞ്ഞുടുത്തു
പുലർച്ചയ്ക്കു വിളക്കുമേ കൊളുത്തുന്നുണ്ട്
പൂങ്കോഴിച്ചാത്തന്റെ കൂവൽ കേട്ടു
പടകാളി മുറ്റത്തും ചെന്നിറങ്ങി
മണ്ടകത്തിന്റെ അരികെ ചെന്നു
ഭൂമിയും തൊട്ടു നിറുകയിൽ വച്ചു
സൂര്യഭഗവാനെ കൈവണങ്ങി **- വടക്കൻപാട്ട്**

ഏഴര വെളുപ്പിനെണീറ്റ് കുളിച്ചു കുറിയിട്ട് കുടുമയിൽ തെച്ചിപ്പൂ ചൂടി ഉണ്ണീരിക്കുട്ടി പുറപ്പാടൊരുങ്ങി..... പാളപ്പൊതിയും പാണക്കോലും എടുത്ത് ഉണ്ണീരി മുറ്റത്തിറങ്ങി. അലരിത്തറയിൽ പറക്കുട്ടിയെ കുമ്പിട്ട്, കൽത്തറയിൽ മലവായിയെത്തൊഴുത്, പടിപ്പുരയിൽ ഇറയത്തുവച്ച ഓലക്കുടയെടുത്ത്, ഗുരുവിനെ സ്മരിച്ച്, ഗുരുനാഥന്മാരെ സ്മരിച്ച് ഉണ്ണീരി പടിക്കെട്ടിറങ്ങി. **- തട്ടകം**

- ഈ രണ്ടുഭാഗങ്ങളും പരിശോധിച്ച് ആഖ്യാനരീതി, താളം എന്നിവയിലെ സവിശേഷതകൾ കണ്ടെത്തി വിവരിക്കുക. *(സ്കോർ 4)*

37. വഴിയമ്പലം, പൊതുക്കിണർ, കൽത്തൊട്ടി, ആൽത്തറ എന്നിങ്ങനെ മനുഷ്യനും മറ്റുജീവികൾക്കും സഹായകമാകുന്ന പൊതുഇടങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ 'തട്ടക'ത്തിൽ കാണുന്നുണ്ടല്ലോ? ആ കാലഘട്ടത്തിലെ സാമൂഹിക ജീവിതത്തിന്റെ എന്തൊക്കെ സവിശേഷതകളാണ് ഇവയിൽ തെളിയുന്നത്? *(സ്കോർ 4)*

38. എന്നിലെ ബുദ്ധിജീവി ദുഃസ്വപ്നങ്ങൾ കാണുമ്പോൾ എന്നിലെ മണ്ണുണ്ണി എനിക്ക് വേറെ ഒന്നാന്തരം ഉറപ്പുകൾ തരുന്നു. ജീവിതാന്ത്യം വരെ എന്നോടൊപ്പം നിലനിൽക്കുന്നവയായ കൃഷിക്കാരന്റെ പൊരുളുകൾ ധാരാളമായി നൽകി ഉരുളികുന്നത്തെ മണ്ണ് എന്നെ അനുഗ്രഹിച്ചു.

- ഇവിടെ 'മണ്ണുണ്ണി' എന്ന പദത്തിന് എന്തെല്ലാം അർഥങ്ങൾ നൽകാൻ കഴിയും? *(സ്കോർ 2)*

39. എണ്ണം തെറ്റിയ ഓർമകൾ വീണ്ടും
കുന്നിൻ ചരിവിൽ മാവിൻ കൊമ്പിൽ
ഉണ്ണികളായി ഉറങ്ങിയെണീക്കെ.

- ഇവിടെ 'ഉണ്ണികൾ' എന്ന പദം നൽകുന്ന അർഥതലങ്ങൾ വിശദീകരിക്കുക. *(സ്കോർ 2)*

40. നനവുപോലെ, പിന്നെ കുളിരുപോലെ, ഒരു തളിരുപോലെ അമ്മ നെഞ്ചിലുണർന്നു. നെഞ്ചുനിറഞ്ഞു. ഉണ്ണീരിക്കുട്ടിയുടെ വാരിയെല്ലുകൾ മാംസപേശികൾ നിറഞ്ഞും പെരുത്തും വിജൃംഭിച്ചു.

**- തട്ടകം**

- ഈ ഭാഗത്തു തെളിയുന്ന മാതൃഭാവത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

*(സ്കോർ 4)*

41. 'പോത്തുകളുടെ വട്ടക്കൊമ്പുകൾക്കിടയിൽ ഒട്ടും സങ്കോചമില്ലാതെ നിൽക്കുന്ന ചെറുബാല്യക്കാരനെ നോക്കി പൊരുത്തുകാർ കൂളന്മാർ മിഴിച്ചേനിന്നു. കരിങ്ങാലിക്കാതൽ പോലൊരുവൻ'

- ഈ കല്പനകൊണ്ട് കഥാപാത്രത്തിനു ലഭിക്കുന്ന മിഴിവ് എന്തൊക്കെയെന്ന് വ്യക്തമാക്കുക. *(സ്കോർ 2)*

42. പഴയമാതിരി എന്നതിനുപകരം പഴേമാതിരി എന്നും പല ഇടം എന്നതിനുപകരം പലേടം എന്നും പ്രയോഗിക്കുന്നതിനുള്ള പ്രത്യേകത എന്താണ്? ഇതുപോലുള്ള രണ്ടുദാഹരണം കൂടി എഴുതുക. *(സ്കോർ 2)*

43.
- അനുജൻ അച്യുതപ്പൊതുവാൾ തന്നെ അസാധ്യം
- അസാധ്യം എന്നു കരുതുന്നവയും സാധ്യമാക്കാൻ മനുഷ്യൻ പരിശ്രമിക്കും.

- രണ്ടുവാക്യത്തിലും 'അസാധ്യം' എന്ന പദത്തിനുണ്ടാകുന്ന അർഥവ്യത്യാസം കുറിക്കുക.

*(സ്കോർ 2)*

44. പട്ടാമ്പിപ്പുഴയിൽ കൈയും കാലും മുഖവും കഴുകി അവർ പാളപ്പൊതികൾ അഴിച്ചു. എന്നതിനുപകരം, പട്ടാമ്പിപ്പുഴയിൽ കൈകാൽമുഖം കഴുകി അവർ പാളപ്പൊതികൾ അഴിച്ചു എന്നു പ്രയോഗിക്കുമ്പോൾ കഥാസന്ദർഭത്തിനുണ്ടാകുന്ന ഭാവപരമായ പ്രത്യേകത വ്യക്തമാക്കുക. *(സ്കോർ 2)*

45. "ഈ സ്ഥലനാമപ്പട്ടിക എഴുതുമ്പോൾ എനിക്കുണ്ടാകുന്നത് കരിമ്പിൻ തോട്ടത്തിൽ കയറിയ വിശക്കുന്ന ആനയുടെ ചാരിതാർഥ്യമാണ്". **- സക്കറിയ**

- സ്ഥലനാമപ്പട്ടിക തയാറാക്കുമ്പോഴുള്ള എഴുത്തുകാരന്റെ മാനസികാവസ്ഥ വ്യക്തമാക്കാനുപയോഗിച്ച സാദൃശ്യകല്പനയുടെ ഭംഗി വിശദീകരിക്കുക. *(സ്കോർ 4)*

46. എന്റെ പട്ടണം കാണണമെങ്കിൽ ഭൂപടം പതിന്മടങ്ങു വലുതാകണം. എന്റെ ഗ്രാമം കാണണമെങ്കിൽ ഭൂപടം നൂറുമടങ്ങു വലുതാകണം. ഞാൻ കിനാവുകാണുന്ന ആറ്റുവക്കത്തെ പാറ കാണണമെങ്കിൽ ഭൂപടം ഭൂമിയേക്കാൾ വലുതാകണം.

**- കല്പറ്റ നാരായണൻ**

- ദേശത്തെക്കുറിച്ചുള്ള സക്കറിയയുടെ നിരീക്ഷണങ്ങളുമായി ബന്ധിപ്പിച്ച് എഴുത്തുകാരന്റെ ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരിക്കുക. *(സ്കോർ 4)*

47. ഉരുളിക്കുന്നത്തെ മനുഷ്യർ എന്നെ ചിരിക്കാനും സന്തോഷിക്കാനും പഠിപ്പിച്ചു. ആടയാഭരണങ്ങളില്ലാത്ത ഒരു ഭാഷ എനിക്കുതന്നു. ആ ഭാഷയുടെ പിന്നിൽ ഒരു ജീവിതലാളിത്യമുണ്ടായിരുന്നു.

- സക്കറിയായുടെ അഭിപ്രായം 'ഉരുളികുന്നത്തിന്റെ ലുത്തീനിയ' എന്ന ലേഖനത്തിന്റെ ഭാഷയെ അടിസ്ഥാനമാക്കി വിലയിരുത്തുക. *(സ്കോർ 4)*

48. "ഞാൻ വേറൊന്നുമല്ല; ഉരുളികുന്നത്തെ കല്ലിന്റെയും മണ്ണിന്റെയും, കാറ്റിന്റെയും മുള്ളിന്റെയും, മേഘത്തിന്റെയും വെള്ളത്തിന്റെയും ഒരു പാർശ്വോൽപ്പന്നം മാത്ര മാണ്. - വ്യക്തിയെ നാടിനേക്കാൾ വലുതായിക്കാണിക്കുന്ന പൊതുരീതിയെ തകി ടംമറിക്കുകയാണ് 'ഉരുളികുന്നത്തിന്റെ ലുത്തീനിയായിൽ' സക്കറിയ.

- ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ലേഖനത്തിൽ നിന്ന് കൂടുതൽ തെളിവുകൾ കണ്ടെത്തി നിങ്ങളുടെ അഭിപ്രായം സമർഥിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

49. ഉരുളികുന്നം സ്വാഭാവികതയുള്ളതും സന്തുഷ്ടവുമായ ഒരു ബാല്യം തനിക്ക് നൽകിയ തായി സക്കറിയ എഴുതുന്നു. നിങ്ങൾക്ക് ദേശം എന്തുതരം അനുഭവമാണ് നൽകിയത്. ഒരു സ്വാനുഭവക്കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

50. "ദേശത്തെ എഴുതലല്ല എനിക്കു കവിത എന്നെത്തന്നെ എഴുതലാണ്. ഞാൻ, എന്റെ ചുറ്റുപാട്" **- ടി.പി. രാജീവൻ**

മേൽ കൊടുത്തിരിക്കുന്ന നിരീക്ഷണം വിശകലനം ചെയ്ത് എഴുത്തും ദേശവും എന്ന വിഷയത്തിൽ ഒരു ലഘുപന്യാസം തയാറാക്കുക. (ദേശപ്പെരുമ എന്ന യൂണിറ്റിലെ ആശയ ങ്ങളും പരിഗണിക്കണം). *(സ്കോർ 4)*

51. "കടലിനും, മലയ്ക്കുമിടയ്ക്കു കിടക്കുന്ന കേരളത്തിലെ ഗ്രാമങ്ങൾ മിക്കവാറും ഒരുപോലെയാണ്. കലൂർ ദേശത്തു വിശേഷമൊന്നുമില്ല. എല്ലായിടത്തുമുള്ള കുട്ടി കളുടെ അനുഭവം ഒരുപോലെ....." **- വൈലോപ്പിള്ളി**

- നിങ്ങളുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ മുകളിൽ ചേർത്തിരിക്കുന്ന നിരീക്ഷണ ത്തോട് പ്രതികരിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

52. എണ്ണം തെറ്റിയ ഓർമകൾ കുന്നിൻ ചെരുവിൽ
മാവിൻ കൊമ്പിൽ ഉണ്ണികളായി ഉറങ്ങിയെണീക്കേ
ഓർമകൾ മൂത്തുനരച്ചുമുതുകിൽ കൂനായ്"

- കടമ്മനിട്ട എന്ന കവിതയിലെ കവിയുടെ ഈ ഓർമകളുടെ സവിശേഷതകൾ വിശദീക രിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

53. "കുളക്കോഴിപ്പിടയാടയുരിഞ്ഞു പിടഞ്ഞു
പടിഞ്ഞാട്ടോടിപ്പോവതു നോക്കി നടന്നു ഞാൻ".

- 'പടിഞ്ഞാട്ടോടിപ്പോവുക' എന്ന പ്രയോഗത്തിലെ സാംസ്കാരിക വിമർശനം വ്യക്തമാ ക്കുക. *(സ്കോർ 4)*

54. ഓലഞ്ഞാലിക്കിളിയുടെ വാലിൽ ഒമ്പത് ശീലക്കൊടികളും കെട്ടി" ബാലഭാവനയുടെ എന്തെല്ലാം പ്രത്യേകതകളാണ് കവി ഈ വരികളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്? ഒന്നോ രണ്ടോ വാക്യത്തിൽ കുറിക്കുക. *(സ്കോർ 2)*

55. “കരയിലെ മത്സ്യങ്ങളായിരുന്നിട്ടും
മത്സ്യം കരയെ അറിയുന്നത്രപോലും
നാം നമ്മുടെ നാടിനെ തിരിച്ചറിയുന്നില്ല” - **സച്ചിദാനന്ദൻ**

- കാവ്യഭാഗത്തെ ആശയതലം വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 4)*

56. താനിപ്പൊഴും പാലത്തുങ്കലെ കറിയാച്ചൻ തന്നെയാണെന്നുള്ള സൗമ്യവും ഗ്രാമ്യവുമായ തിരിച്ചറിവ്, ആ ദേശസംസ്കൃതിക്കുമുമ്പിലുള്ള സക്കറിയയുടെ വിനയപൂർണമായ സമർപ്പണമാണ്.

- ഈ പ്രസ്താവന ‘ഉരുളിക്കുന്നത്തിന്റെ ലുത്തീനിയ’യെ ആസ്പദമാക്കി വിലയിരുത്തുക. (ഒരുപുറം) *(സ്കോർ 6)*

***